Break the Chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 1767/എ2/2021/പർച്ചെയ്സ്.

02.08.2021

## ടെണ്ടർ നോട്ടീസ്

**തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല - ഓഫീസിലേക്ക് ആവശ്യമായ എക്സ്റ്റേണൽ ഹാർഡ് ഡിസ്കുകൾ വാങ്ങുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല ഓഫീസിലേക്ക് ആവശ്യമായ താഴെ പറയുന്ന സ്പഷ്ടീകരണത്തോടു കൂടിയ എക്സ്റ്റേണൽ ഹാർഡ് ഡിസ്കുകൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽനിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

| ഇനം | എണ്ണം |
|---|---|
| External Hard Disk - 8 TB capacity (USB Type) | 1 |
| External Hard Disk - 4 TB capacity (USB Type) | 2 |
| External Hard Disk - 2 TB capacity (USB Type) | 1 |

ടെണ്ടർ തുകയുടെ 1% (ഏറ്റവും കുറഞ്ഞത് 1,500/- രൂപ) നിരതദ്രവ്യമായി സർവകലാശാലാ ഫണ്ടിൽ അടച്ചതിന്റെ രശീതി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

വാറണ്ടി/ഗ്യാരണ്ടി കാലാവധി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. വാറണ്ടി/ഗ്യാരണ്ടി കാലാവധിക്കുശേഷമുള്ള എ.എം.സി. ഓഫറുകൾ പ്രത്യേകം രേഖപ്പെടുത്തണം.

മുദ്ര വച്ച ടെണ്ടറുകൾ **13.08.2021 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"മലയാളസർവകലാശാല - എക്സ്റ്റേണൽ ഹാർഡ് ഡിസ്കുകൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ"** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. വൈകി ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടെണ്ടറുകൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 3 മണിക്ക് തുറക്കുന്നതും സാങ്കേതിക കാര്യങ്ങളും വിലയും താരതമ്യം ചെയ്ത് തിരഞ്ഞെടുക്കുന്ന അംഗീകൃത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്.

ടെണ്ടറുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

കരാർ ലഭിക്കുകയാണെങ്കിൽ എക്സ്റ്റേണൽ ഹാർഡ് ഡിസ്കുകൾ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം സർവകലാശാലയിൽ എത്തിച്ചുനൽകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

**രജിസ്ട്രാർ ഇൻ ചാർജ്ജ്**

വി.സി. കാര്യാലയം/മലയാളസർവകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/
മലയാളസർവകലാശാല വെബ്സൈറ്റ്/ഫിനാൻസ്/അക്കൗണ്ട്സ്/പി.ആർ.ഒ./എ.എ.ഒ./
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം